# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

കെ.എസ്.ടി.പി. രണ്ടാം ഘട്ട നിർമ്മാണ പദ്ധതി

2868 ശ്രീ. വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. രണ്ടാം ഘട്ട നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഈ പദ്ധതിക്ക് ലഭിക്കുന്ന ധനസഹായങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ റോഡുകളും സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാൻ നടപടി എടുക്കുമോ; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ എന്തെല്ലാം ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

കെ.എസ്.ടി.പി രണ്ടാം ഘട്ട പദ്ധതി കരാർ

2869 ശ്രീ. കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിന് ലോകബാങ്കുമായി കരാർ ഒപ്പുവച്ച് ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 20.06.2013–ലെ മറുപടിക്ക്

<u>പൊതു ടോയ്‌ലറ്റുകളും ബസ്സ് കാത്തിരിപ്പു കേന്ദ്രങ്ങളും</u>

2870 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
'' റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു ടോയ്‌ലറ്റുകളും ബസ്സ് കാത്തിരിപ്പു കേന്ദ്രങ്ങളും നിർമ്മിക്കുന്നതിന് കമ്പിനികൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം കമ്പിനികൾ രൂപീകരിക്കുന്നതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനായി സ്വകാര്യ പങ്കാളിത്തം തേടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>പൊതു ടോയ്‌ലെറ്റുകളും ബസ് കാത്തിരിപ്പു കേന്ദ്രങ്ങളും</u>

2871 ശ്രീ. കെ. രാധാകൃഷ്ണൻ
,, പി.റ്റി.എ. റഹീം
,, സി. കൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു ടോയ്‌ലെറ്റുകളും ബസ് കാത്തിരിപ്പു കേന്ദ്രങ്ങളും നിർമ്മിക്കുന്നതിനും നടത്തിപ്പിനുമായി കമ്പനികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അവയുടെ ഘടനയും പ്രവർത്തന രീതിയും മൂലധനസമാഹരണവും സംബന്ധിച്ചുള്ള കാര്യങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇവയുടെ പ്രവർത്തനങ്ങളിൽ സ്വകാര്യ പങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ;

(ഡി) ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള നയം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

റസ്റ്റ് ഹൗസുകളുടെ പരിപാലനം

2872 ശ്രീ. സണ്ണി ജോസഫ്
,, അന്‍വര്‍ സാദത്ത്
,, സി.പി. മുഹമ്മദ്
,, എം.പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റസ്റ്റ് ഹൗസുകളുടെ പരിപാലനം കുടുംബശ്രീയെ ഏല്‍പ്പിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കില്‍ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുമൂലം ജനങ്ങള്‍ക്ക് ലഭിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിന്റെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

2873

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിന് പൊതുമരാമത്ത് വകുപ്പിനായി അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവ ഓരോന്നിനും കേന്ദ്രം അനുവദിച്ച തുക എത്രയായിരുന്നു;

(സി) അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ലാപ്സായ തുക എത്രയാണ്; ഇതിനുള്ള കാരണം വിശദമാക്കാമോ?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>നടപ്പിലാക്കുവാൻ കഴിയാതെപോയ പദ്ധതികൾ</u>

2874 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പൊതുമരാമത്ത് വകുപ്പിലെ നടപ്പാക്കാൻ കഴിയാതെപോയ പദ്ധതികളുടെ കാരണം അറിയിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>നബാർഡ് പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച തുക</u>

2875 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006–11 കാലയളവിൽ ഓരോ വർഷവും നബാർഡ് പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണങ്ങൾക്കായി എത്ര രൂപ വീതമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത കാലയളവിൽ ഓരോ വർഷവും അനുവദിക്കപ്പെട്ട തുക എത്ര വീതമായിരുന്നു;

(സി) 2011–13 വർഷത്തിൽ നബാർഡ് ആലപ്പുഴ ജില്ലയിൽ അനുവദിച്ച തുക എത്രയായിരുന്നു; ഏതെല്ലാം നിർമ്മാണ പ്രവർത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>റോഡ് ടാറിംഗിന് മണ്ണെണ്ണ ലഭ്യമാക്കല്‍</u>

2876

ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റോഡ് ടാറിംഗിന് ആവശ്യമായ മണ്ണെണ്ണ എവിടെനിന്നാണ് ലഭിക്കുന്നത്; മണ്ണെണ്ണയ്ക്ക് ക്ഷാമം നേരിടുന്ന ഈ ഘട്ടത്തില്‍ റോഡ് ടാറിംഗിനായി വ്യാജമണ്ണെണ്ണ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

(ബി) ഇത്തരത്തിലുള്ള കേസുകള്‍ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടോ; എങ്കില്‍ വ്യക്തമാക്കുമോ;

(സി) റോഡ് ടാറിംഗിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(ഡി) മണ്ണെണ്ണ ക്ഷാമം നേരിടുന്ന സാഹചര്യത്തില്‍ റോഡ് ടാറിംഗിന് മണ്ണെണ്ണയ്ക്ക് പകരമായി ഗുണനിലവാരമുള്ള മറ്റ് വസ്തുക്കള്‍ ഉപയോഗിക്കാറുണ്ടോ എന്ന് അറിയിക്കുമോ;

(ഇ) എങ്കില്‍ എന്തെല്ലാമാണ് മണ്ണെണ്ണയ്ക്കു പകരമായി ഉപയോഗിക്കുന്നത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>“റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി” യുടെ പ്രവർത്തനം</u>

2877

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥാപിതമായ “റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി” യുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഈ കമ്പനി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>ടാർ ചെയ്ത റോഡുകൾ</u>

2878 ശ്രീ.കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കിലോമീറ്റർ റോഡ് ടാർ ചെയ്തിട്ടുണ്ട്;

(ബി) ഇപ്രകാരം ടാർ ചെയ്ത റോഡുകളിൽ 18/5/2011-നു മുമ്പ്
ഭരണാനുമതി നൽകിയ റോഡുകൾ എത്രയാണെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഭരണാനുമതിയും സാമ്പത്തികാനുമതിയും ടെൻഡർ നടപടികളും നടത്തി ടാർ ചെയ്ത റോഡുകൾ എത്ര ; അവ ഏതെല്ലാം; ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ഡി) റോഡുകൾ ടാറുചെയ്യുന്നതിനായി മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചിട്ടാണ് ടാറിംഗ് നടപടികൾ പൂർത്തിയാക്കുന്നത് എന്നത് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

പതിനായിരം കോടി ചെലവിൽ 28 റോഡുകൾ നിർമ്മിക്കുന്ന പദ്ധതി

2879 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിനായിരം കോടി രൂപ ചെലവിൽ 28 റോഡുകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ റോഡുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ദേശീയപാതകളുടെ വികസന പ്രശ്നങ്ങള്‍</u>

2880 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയപാതകളുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങള്‍ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള ഏതെങ്കിലും ദേശീയ പാതകള്‍ തിരികെ സംസ്ഥാന പാതകള്‍ ആയി മാറ്റണമെന്ന നിര്‍ദ്ദേശം നിലവിലുണ്ടോ;

(സി) എങ്കില്‍, ഇതിനുള്ള സാഹചര്യം വിശദമാക്കുമോ?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>ദേശീയപാതകൾ സംസ്ഥാന പാതയാക്കാൻ തീരുമാനം</u>

2881 ശ്രീ. ഇ. പി. ജയരാജൻ
,, കെ. രാധാകൃഷ്ണൻ
,, എ. കെ. ബാലൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഏതെങ്കിലും ദേശീയപാതകൾ തിരിച്ചെടുത്ത് സംസ്ഥാന പാതയാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഇത്തരം ഒരു തീരുമാനമെടുക്കുവാനുണ്ടായ കാരണം വെളിപ്പെടുത്താമോ;

(സി) നിലവിൽ കേന്ദ്രസഹായത്തോടെ വികസനപ്രവർത്തനം നടത്തുന്ന ദേശീയപാതകൾ ഏതെല്ലാമാണ്;

(ഡി) ദേശീയപാത വീണ്ടും സംസ്ഥാനപാതയായി മാറുന്നതോടെ ഈ പാതകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമുള്ള കേന്ദ്രസഹായം നഷ്ടപ്പെടുവാൻ ഇടവരുമോ?

(ഇ) സംസ്ഥാനപാതയായി മാറുന്നതോടെ ഈ റോഡുകളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി വരുന്ന പണം ഏത് നിലയിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(എഫ്) പണം കണ്ടെത്തുന്നതിന് സ്വകാര്യ പങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ; ചുങ്കം ഏർപ്പെടുത്താൻ സാധ്യതയുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2013–ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ദേശീയപാത വികസന പദ്ധതി</u>

2882 ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, കെ. വി. അബ്ദുൾ ഖാദർ
,, എളമരം കരീം
,, ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത വികസന പദ്ധതി ഏത് ഘട്ടത്തിലാണ്: പ്രത്യേക വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളള പാതകൾ ഏതെല്ലാമാണ്;

(ബി) ദേശീയപാതാവികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നതിൽ ദേശീയപാത അതോറിറ്റി അതൃപ്തി പ്രകടിപ്പിച്ചിട്ടുണ്ടോ; ഇത് പദ്ധതിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിനുളള പദ്ധതിയും നഷ്ടപരിഹാര പാക്കേജും ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ഡി) അലൈൻമെന്റുകൾ ഇടക്കിടെ മാറ്റം വരുത്തുന്നത് സ്ഥലമെടുപ്പിനെ ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>റോഡ് വികസനത്തിന് കമ്പനി രൂപീകരണം</u>

2883 ശ്രീ. എം. എ. വാഹീദ്
'' ഷാഫി പറമ്പിൽ
'' സി. പി. മുഹമ്മദ്
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് വികസനത്തിന് വേണ്ടി കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>എ.ഡി.ബി സഹായത്തോടെ റോഡ് നിർമ്മാണം</u>

2884 ശ്രീ.വി. പി. സജീന്ദ്രൻ
'' റ്റി, എൻ. പ്രതാപൻ
'' വർക്കല കഹാർ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.ഡി.ബി സഹായത്തോടെ ഉന്നത നിലവാരത്തിലുള്ള റോഡ് പണിയുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ഫണ്ടുപയോഗിച്ച് കോർപ്പറേഷൻ, ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി</u>

2885 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് റോഡുകൾക്ക് പുറമേ കോർപ്പറേഷൻ, ഗ്രാമീണ റോഡുകൾ എന്നിവ കൂടി മികവുറ്റതാക്കി നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>അനധികൃത കയ്യേറ്റം തടയുന്നതിന് നടപടി</u>

2886 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ അനധികൃത കയ്യേറ്റം തടയുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഗതാഗത തടസ്സം സൃഷ്ടിച്ചുകൊണ്ട് റോഡിന്റെ സൈഡുകളിൽ തടികൾ കൂട്ടി ഇടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരക്കാർക്കെതിരെ എന്ത് നടപടിയാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>ഹരിത കെട്ടിട നിർമ്മാണ നയം</u>

T-2887 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിതകെട്ടിടങ്ങളെ നിർണയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന വസ്തുക്കളിലെ വിഷാംശം കുറയ്ക്കുന്നതിന് ആവശ്യമായ സാങ്കേതിക വിദ്യ വികസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>'പ്രീഫാബ്' ടെക്നോളജി</u>

2888 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണമേഖലയിലെ ആധുനിക സാങ്കേതിക വിദ്യയായ 'പ്രീഫാബ്' ടെക്നോളജി പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾക്ക് ഉപയോഗ്യമാക്കുന്നതിന് വേണ്ടി ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) അനുബന്ധ ടെക്നോളജി സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഉപയോഗിക്കുന്നതിന് വേണ്ടി പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>എഫ്.എം.എസ്. സോഫ്ട്വെയർ</u>

2889 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ, വകുപ്പ്തല ആവശ്യത്തിലേക്ക് എഫ്.എം.എസ്. സോഫ്ട്വെയർ നിർമ്മിക്കുന്നതിന് ഏത് അംഗീകൃത ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്; എന്തു തുകയ്ക്കാണ് എഗ്രിമെന്റ് ഉറപ്പിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത സോഫ്ട്വെയർ ഏതൊക്കെ ഓഫീസുകളിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്; ഇത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; ഈ സോഫ്ട്വെയർ മെയിന്റനൻസ് നടത്തുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത സോഫ്ട്വെയർ ഇംപ്ലിമെന്റ് ചെയ്യുന്നതിനായി വാങ്ങിയ ഹാർഡ്വെയർ എക്യുപ്മെന്റുകൾ ഏതെല്ലാം; ഇതിനായി ഡിപ്പാർട്ടുമെന്റ് എന്തു തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>എഞ്ചിനീയറിംഗ് വിംഗ് ഉദ്യോഗസ്ഥരുടെ കഴിവ് വര്‍ദ്ധിപ്പിക്കുന്നതിന് പദ്ധതി</u>

2890 ശ്രീ.ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് വിംഗ് ഉദ്യോഗസ്ഥര്‍ക്ക് പ്രൊഫഷണലിസം മെച്ചപ്പെടുത്തുന്നതിന് നിലവില്‍ എന്തെല്ലാം പദ്ധതികളാണുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പരിപാടികള്‍ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>മോണോറയിൽ പദ്ധതി</u>

2891 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, ബെന്നി ബഹനാൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗതാഗത കുരുക്കിന് പരിഹാരമായി നഗരങ്ങളിൽ മോണോ റയിൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>കോഴിക്കോട് മോണോ റയിൽ</u>

2892 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് മോണോ റയിൽ വിമാനത്താവളംവരെ നീട്ടണമെന്ന ആവശ്യം ഏതു ഘട്ടത്തിൽ നടപ്പിലാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>റോഡ് ഫണ്ട് ബോർഡ് ഏറ്റെടുക്കുന്ന റോഡുകൾ</u>

2893 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരവികസന പദ്ധതിയിൽ റോഡ് ഫണ്ട് ബോർഡ് ഏറ്റെടുക്കുന്ന റോഡുകൾ നഗരാതിർത്തികളിലെ വിജനമായ സ്ഥലങ്ങളിൽ അവസാനിപ്പിക്കുന്നത് മൂലം റോഡിന്റെ ഗുണഫലങ്ങൾ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് സി.ഡബ്ല്യു.ആർ.ഡി.എം റോഡ്, മിൽമ വരെയും ഐ.ഐ.എം വരെയും നീട്ടുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്നുണ്ടോ;

(സി) ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഗ്രാമീണ റോഡുകളുടെ വികസനം

2894 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിതര, ഗ്രാമീണ റോഡുകളുടെ വികസനം, പൊതുമരാമത്ത് വകുപ്പു മുഖേന നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഓരോ മണ്ഡലത്തിലേയും നിശ്ചിത റോഡുകളുടെ വികസനം ഇത്തരത്തിൽ നടപ്പാക്കുന്നതിനായി ഓരോ വർഷവും ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

ശബരിമല റോഡുകളുടെ ഹെവി മെയിന്റനൻസ് പദ്ധതികൾ

2895 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല റോഡുകളുടെ ഹെവി മെയിന്റനൻസ് പദ്ധതികൾക്ക് തുകയനുവദിച്ച് ഉത്തരവായത് എന്നാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഏതൊക്കെ റോഡുകളാണ് ആദ്യഘട്ടമായി ഈ പദ്ധതിയിലുൾപ്പെടുത്തിയത്; ഓരോ റോഡിനും അനുവദിച്ചിരുന്ന തുക എത്ര വീതമാണ്; ഇവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ശബരിമല അനുബന്ധ റോഡുകളായി ബഹു: കേരള ഹൈക്കോടതി കണ്ടെത്തിയിട്ടുള്ള ബാക്കി 17 റോഡുകൾ ഘട്ടം ഘട്ടമായി ഹെവി മെയിന്റനൻസ് പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധരിക്കാമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്നു വ്യക്തമാക്കാമോ;

(സി) ഇതനുസരിച്ച് ആദ്യ ഘട്ടമായി ഏതൊക്കെ റോഡുകളെയാണ് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) ശബരിമല അനുബന്ധ റോഡുകൾ ബി.എം.ബി.സി നിലവാരത്തിൽ പുനരുദ്ധരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>മരാമത്ത് ഏറ്റെടുത്ത ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ റോഡുകൾ</u>

2896 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകളുടെ മരാമത്ത് ഏറ്റെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് സഞ്ചാര യോഗ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പാലക്കാട് ജില്ലയിലെ എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്; എന്നാണ് ഏറ്റെടുത്തത്; അത് സഞ്ചാരയോഗ്യമാക്കുന്നതിനായി നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ഡി) വൺ ടൈം മെയിന്റനൻസ് പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്; റോഡിന്റെ പേരും അനുവദിച്ച തുകയും പ്രത്യേകം വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>വൈപ്പിന്‍ മുതല്‍ മുനമ്പം വരെ റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി</u>

T-2897 ശ്രീ.എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രൂക്ഷമായ ഗതാഗത പ്രശ്നം നേരിടുന്ന വൈപ്പിന്‍ ദ്വീപില്‍ പൊതുഗതാഗതം സുഗമമാക്കുന്നതിനും, ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനും നിലവിലുള്ള തീരദേശ റോഡ് വീതി കൂട്ടി ടാര്‍ ചെയ്യുന്നതിനും, വൈപ്പിന്‍ മുതല്‍ മുനമ്പം വരെ ഗതാഗതയോഗ്യമാക്കുന്നതിനുമുള്ള നിര്‍മ്മാണപ്രവൃത്തിക്ക് കാലതാമസ്സം നേരിടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പെട്രോണറ്റ് എല്‍എന്‍ജി, വല്ലാര്‍പാടം കണ്ടെയ്നര്‍ ടെര്‍മിനല്‍ എന്നീ പദ്ധതികള്‍ക്ക് കൂടി സഹായകരമായ പ്രസ്തുത റോഡിന്റെ നിര്‍മ്മാണം ത്വരിതപ്പെടുത്തുവാന്‍ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) പദ്ധതി പൂര്‍ത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിക്കുന്നതിനും, കാലതാമസം വരുത്തുന്നവര്‍ക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തീരുമാനമുണ്ടാകുമോ; പദ്ധതി പൂര്‍ത്തീകരിക്കുന്നതിന് തടസ്സങ്ങളുണ്ടെങ്കില്‍ വ്യക്തമാക്കാമോ;

(ഡി) പദ്ധതി എന്നത്തേക്ക് പൂര്‍ത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

**വയനാട് ജില്ലയിൽ ആർ.ഐ.സി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ**

2898 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഏതെല്ലാം റോഡുകളാണ് ആർ.ഐ.സി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കാവിൽ - തീക്കുനി - കുറ്റ്യാടി റോഡ്</u>

2899 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കാവിൽ - തീക്കുനി - കുറ്റ്യാടി റോഡ് മെക്കാഡം പ്രവൃത്തികൾ ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിൽ ഇപ്പോൾ നടന്നുവരുന്നതും ഭരണാനുമതി ലഭിച്ചിട്ടുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഞാറയ്ക്കൽ വലിയവട്ടം ദ്വീപിൽ റോഡ്, കൽവർട്ട് എന്നിവയുടെ നിർമ്മാണം</u>

2900 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഞാറയ്ക്കൽ വലിയവട്ടം ദ്വീപിൽ റോഡ്, കൽവർട്ട് എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തികൾ ആരംഭിക്കുന്നതിനുളള കാലതാമസ്സം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ദേശീയപാതയിൽ അപകടങ്ങൾ ഉണ്ടാകുന്ന വളവുകൾ നിവർത്തുന്നതിന് നടപടി</u>

2901 ശ്രീ. ഇ.ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ദേശീയപാതയിൽ തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്ന വളവുകൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ. ഉണ്ടെങ്കിൽ ഏതൊക്കെയാണ്;

(ബി) ഈ വളവുകൾ നിവർത്തി റോഡപകടങ്ങൾ ഇല്ലാതാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഇതിന്റെ ഫലമായി ഏതെല്ലാം വളവുകളിലാണ് അപകടങ്ങൾ കുറഞ്ഞിട്ടുളളത് എന്നറിയിക്കാമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ അംശക്കച്ചേരി - ചെറുകുളം റോഡ്</u>

2902

ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അംശക്കച്ചേരി - ചെറുകുളം റോഡിന് G.O.(RT)189/2011 PWD dt.30/01/2011 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും റോഡിന്റെ പ്രവൃത്തി തുടങ്ങാനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) അംശക്കച്ചേരി - ചെറുകുളം റോഡിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

**അങ്കമാലി – മണ്ണുത്തി ദേശീയപാതയിൽ കോതകുളങ്ങര കരയാംപറമ്പ് മൂക്കന്നൂർ അണ്ടർ പാസ്**

2903 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി – മണ്ണുത്തി ദേശീയപാതയിൽ കോതകുളങ്ങരക്കടുത്തുള്ള കരയാംപറമ്പ് മൂക്കന്നൂർ കവലയിൽ അണ്ടർപാസ് നിർമ്മിക്കുന്നതിനായി ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ കവലയിലെ ഗതാഗതപ്രശ്നത്തെകുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(സി) അണ്ടർപാസ് നിർമ്മിക്കുന്നതിനായുള്ള ഉത്തരവിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ഇ) കരയാംപറമ്പ് മുക്കന്നൂർ കവലയിലെ കുത്തനെ ഇറക്കത്തിലുള്ള മുക്കന്നൂർ ഏഴാറ്റുമുഖം റോഡ് ഉയർത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

### ആലപ്പുഴ ബൈപാസ് നിർമ്മാണം

2904 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബൈപാസ് നിർമ്മാണത്തിന് ആകെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(ബി) അതിൽ എത്ര രൂപ കേന്ദ്രസഹായമായി അനുവദിച്ചിട്ടുണ്ട്;

(സി) ബാക്കി എത്ര രൂപയാണ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് അനുവദിക്കേണ്ടത്; ആയത് അനുവദിച്ചിട്ടുണ്ടോ;

(ഡി) ആയതിന് എ.എസ് ആയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആകുമെന്നറിയിക്കുമോ;

(ഇ) എ.എസ് ആകുന്നതിന് മുമ്പ് പി.ക്യൂ ക്ഷണിക്കുന്നത് നിയമാനുസൃതമാണോ;

(എഫ്) പി.ക്യൂ.വിൽ ക്വാളിഫൈഡ് ആകുന്ന കമ്പനികൾ ഫിനാഷ്യൽ ബിഡ് സമർപ്പിച്ചിട്ടുണ്ടോ; ആയത് ഇനി പ്രത്യേകം ക്ഷണിക്കുമോ;

(ജി) എന്നത്തേക്ക് വർക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>കാഞ്ഞിരപ്പള്ളി ബൈപ്പാസ്</u>

2905 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ</u>

2906 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും ആരംഭിക്കാനിരിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര-കണ്ടിയൂർ ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ സ്ഥലം പൂർണ്ണമായി ഏറ്റെടുത്തിട്ടുണ്ടോ; ബൈപ്പാസ് നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) വെട്ടിയാർ പോസ്റ്റ് ആഫീസ് ജംഗ്ഷൻ റോഡ് നവീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>താനൂർ ദേവധാർ മേൽപാല നിർമ്മാണം</u>

2907 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ ദേവധാർ മേൽപാല നിർമ്മാണം ഏതു ഘട്ടത്തിലാണ്;

(ബി) ഏതൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്; വിശദമാക്കുമോ;

(സി) എന്നത്തേക്ക് ഈ മേൽപാലം ഗതാഗതത്തിന് തുറന്ന് കൊടുക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ടോളില്ലാതെ ഫ്ളൈ ഓവർ നിർമ്മിക്കാനുള്ള പദ്ധതി</u>

2908 ശ്രീ. കെ. മുരളീധരൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടോളില്ലാതെ ഫ്ളൈ ഓവർ നിർമ്മിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലം നിർമ്മാണം</u>

2909

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലം നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2013–ലെ മറുപടിക്ക്

പാലം പുതുക്കി പണിയാൻ നടപടി

2910 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലവും കൊക്കോട്ട് വയൽ പാലവും പുതുക്കി പണിയുന്നതിനായി ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പാലങ്ങൾ പുതുക്കിപ്പണിയുന്നതിന് ഭരണാനുമതി ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

കൂട്ടുംവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണം

2911 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിലെ കൂട്ടുംവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കോട്ടപ്പുറം അച്ചാം തുരുത്തി പാലം</u>

2912 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണ ചുമതല ഏറ്റെടുത്ത കോട്ടപ്പുറം അച്ചാം തുരുത്തി പാലം പണി എഗ്രിമെന്റ് വച്ച് 40 മാസത്തോളമായിട്ടും നിർമ്മാണം പൂർത്തിയാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ മെല്ലെ പോക്ക് നിമിത്തം എത്ര കോടി രൂപയുടെ നഷ്ടം വരാൻ സാദ്ധ്യതയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പള്ളിപ്പുറം പഞ്ചായത്തിലെ കോൺവെന്റ് - ബീച്ച് പാലത്തിന്റെ നിർമ്മാണം</u>

2913 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം പഞ്ചായത്തിലെ കോൺവെന്റ് - ബീച്ച് പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലം പൂർത്തീകരിച്ചു നൽകേണ്ടതിന്റെ പ്രധാന്യവും ആവശ്യകതയും സ്ഥലം എം.എൽ.എ വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനം എന്തായിരുന്നുവെന്നും തുടർന്ന് എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പാലത്തിന്റെ നിർമ്മാണത്തിന് ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) പാലത്തിന്റെ നിർമ്മാണം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതിന് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഇ) പാലത്തിന്റെ നിർമ്മാണത്തിന് ആവശ്യമായി വരുന്ന സ്ഥലം വിട്ടുതരുന്നതിന് സമ്മതം അറിയിച്ചുകൊണ്ട് ബന്ധപ്പെട്ട കക്ഷികൾ സമർപ്പിച്ച ഫോറം എ റൂൾ 3 ലഭിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ കാലതാമസ്സം വരുത്തിയവർക്കെതിരെ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പടന്നക്കാട് റെയിൽവേ മേൽപാലം ചുങ്കം പിരിവുമായി ബന്ധപ്പെട്ട കേസ്സുകൾ</u>

2914 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പടന്നക്കാട് റെയിൽവേ മേൽപാലം ചുങ്കം പിരിവുമായി ബന്ധപ്പെട്ട എത്ര കേസുകളാണ് ഉള്ളതെന്ന് അറിയിക്കാമോ;

(ബി) കേസ്സുകളുടെ അന്വേഷണം ആരാണ് നടത്തുന്നതെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>അരൂർ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം</u>

2915 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ വാക്കയിൽ പാലത്തിന്റെ നിർമ്മാണത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള മണ്ണ് പരിശോധന കഴിഞ്ഞിട്ടുണ്ടോ; ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; ആകെ എന്തു തുകയാണ് നിർമ്മാണ ചെലവ് ഇനത്തിൽ പ്രതീക്ഷിക്കുന്നത്; ബാക്കി തുക എപ്പോൾ അനുവദിക്കും എന്ന് വ്യക്തമാക്കുമോ;

(ബി) അരൂർ നിയോജകമണ്ഡലത്തിൽ കോടംസൗത്ത് പഞ്ചായത്തിൽ പി.എസ്. ഫെറി പാലത്തിന്റെ നിർമ്മാണത്തിനായുള്ള മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ടോ; അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കാതെ തന്നെ പാലം നിർമ്മിക്കുന്നതിനുള്ള ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് ജില്ലാ ബ്രിഡ്ജസ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകാനുള്ള നടപടി സ്വീകരിക്കുമോ; പ്രസ്തുത പാലം നിർമ്മാണത്തിന് നബാർഡിൽ നിന്നും പണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പൂച്ചാക്കൽ പഴയ പാലത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; അപകടാവസ്ഥയിലായ ഈ പാലം പുനർനിർമ്മിക്കുവാനുള്ള സത്വരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

കോഴിക്കോട് എരഞ്ഞിപ്പാലം ജംങ്ഷൻ, മലാപ്പറമ്പ് ജംങ്ഷൻ എന്നിവിടങ്ങളിൽ ഓവർ ബ്രിഡ്ജുകൾ

2916 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എരഞ്ഞിപ്പാലം ജംങ്ഷൻ, മലാപ്പറമ്പ് ജംങ്ഷൻ എന്നിവിടങ്ങളിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ ജംങ്ഷനുകളിലെ ഗതാഗതക്കുരുക്കുകൾ പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

വടശ്ശേരിക്കര പാലത്തിനോട് ചേർന്ന് നടപ്പാലം നിർമ്മിക്കുവാൻ നടപടി

2917

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല പാതയായ മണ്ണാറക്കുളഞ്ഞി-ചാലക്കയം റോഡിലെ വടശ്ശേരിക്കര പാലത്തിനോട് ചേർന്ന് നടപ്പാലം നിർമ്മിക്കുന്നതിന് എത്ര കോടി രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയിരുന്നത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നോ; ഇതിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്നറിയിക്കുമോ; ഇതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ആരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; പ്രശ്നപരിഹാരത്തിന് കാല-സമയപരിധി നിശ്ചയിച്ചു നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>ചേലക്കര നിയോജക മണ്ഡലത്തിലെ കുത്താമ്പുള്ളി പാലത്തിന്റെ നിർമ്മാണം</u>

2918 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ കുത്താമ്പുള്ളി പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയത് എപ്പോഴാണെന്നും പാലം നിർമ്മാണത്തിന് ഇതേ വരെ സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കുമോ;

(ബി) ഫാസ്റ്റ് ട്രാക്ക് വ്യവസ്ഥയിൽ പാലത്തിന്റെയും റോഡിന്റേയും നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭൂമി ലഭ്യമാക്കുന്നതിലുള്ള കാലതാമസത്തിന് കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) ഭരണാനുമതി പ്രകാരമുള്ള കാലപരിധിക്കുള്ളിൽത്തന്നെ പാലത്തിന്റെയും റോഡിന്റെയും നിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് തൊണ്ടയാട് ജംഗ്ഷനിൽ ഓവർബ്രിഡ്ജ്</u>

2919 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് തൊണ്ടയാട് ജംഗ്ഷനിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>മഞ്ഞനക്കാട് ഫുട്ട് ബ്രിഡ്ജിന്റെ നിർമ്മാണം</u>

2920 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. എസ്സ്. ഡി. എഫിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി ലഭിച്ച മഞ്ഞനക്കാട് ഫുട്ട് ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള കാലതാമസമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ; പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>അഴിക്കോട് - മുനമ്പം പാലം</u>

2921 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് - മുനമ്പം പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാതപഠനം നടത്തുവാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) യോഗത്തിനുശേഷം പാലത്തിന്റെ നിർമ്മാണപുരോഗതി വ്യക്തമാക്കാമോ;

(ഡി) പരിസ്ഥിതി ആഘാതപഠനം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>മമ്പറം പാലത്തിന് പകരം പുതിയ പാലം</u>

2922 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ അപകടാവസ്ഥയിലായ മമ്പറം പാലത്തിന് പകരം പുതിയ പാലത്തിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകളിലെ അറ്റകുറ്റപ്പണി</u>

2923 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എത്ര കെട്ടിടങ്ങൾ ഈ അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുമ്പ് അറ്റകുറ്റപ്പണി നടത്തിയെന്നുള്ള വിവരം ലഭ്യമാക്കുമോ;

(ബി) എത്ര സ്കൂളുകളിൽ എന്തു തുക മുടക്കി എന്തെല്ലാം അറ്റകുറ്റപ്പണികളാണ് 2012-2013 സാമ്പത്തിക വർഷത്തിൽ ചെയ്തതെന്ന് അറിയിക്കുമോ; ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ പണികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയവ എത്ര എണ്ണം എന്നും ഏതൊക്കെ ഡിവിഷനുകളിൽ നിലവിൽ പണി നടക്കാതെയുണ്ട് എന്നും അറിയിക്കുമോ;

(ഡി) സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>കടമക്കുടി ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം</u>

2924 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എം.എൽ.എ.എസ്സ്.ഡി.എഫിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി ലഭിച്ച കടമക്കുടി ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ; പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

എളങ്കുന്നപ്പുഴ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം

2925 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എം.എൽ.എ.എസ്സ്.ഡി.എഫിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി ലഭിച്ച എളങ്കുന്നപ്പുഴ ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി എന്ന് ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ; പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>മാടായി ഐ. ടി.ഐ കെട്ടിട നിർമ്മാണം</u>

2926 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഐ. ടി. ഐ. കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നറിയിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ കോടതി സമുച്ചയത്തിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മാണം</u>

2927 ശ്രീ.ബി.സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കോടതി സമുച്ചയത്തിന്റെ ഭാഗമായി അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) ഇതിന് എന്ത് തുകയ്ക്കുള്ള എസ്റ്റിമേറ്റിനാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്;

(സി) ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ഡി) വർക്ക് എഗ്രിമെന്റ് ആരുടെ പേരിലാണ്; നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>മണലൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ പദ്ധതികൾ</u>

2928

ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷം മുതൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി മണലൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ബാലുശ്ശേരി മണ്ഡലത്തിലെ മണിച്ചേരി ചുരത്തിന്റെ ഇടിഞ്ഞ ഭാഗം പുനഃസ്ഥാപിക്കാൻ നടപടി

2929 ശ്രീ.പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ബാലുശ്ശേരി കുറുമ്പായിൽ - വയലിട - മണിച്ചേരി - തലയാട് റോഡിൽ മണിച്ചേരി ചുരം ഭാഗം ഇടിഞ്ഞത് പുനഃസ്ഥാപിക്കൽ നടപടിയുടെ പുരോഗതി അറിയിക്കുമോ?

# കേരള നിയമസഭ
# 20.06.2013–ലെ മറുപടിക്ക്

<u>നേമം നിയോജകമണ്ഡലത്തിലെ നവീകരണ–</u>
<u>പുനരുദ്ധാരണ പ്രവർത്തനം</u>

2930 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ കരുമം–തിരുവല്ലം റോഡ്, വിജയമോഹിനിമിൽ–പുന്നയ്ക്കാമുഗൾ–മുടവൻമുഗൾ റോഡ്, ഇവയുടെ നവീകരണ പുനരുദ്ധാരണ പ്രവർത്തനം സംസ്ഥാന പൊതുമാരാമത്ത് വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച് ഇതുവരെയുള്ള പുരോഗതി വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് ഓഫീസുകളുടെ പുനഃസംഘടന</u>

2931 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിയോജകമണ്ഡലങ്ങൾക്കനുസൃതമായി പൊതുമരാമത്ത് ഓഫീസുകൾ പുനഃസംഘടിപ്പിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>സെക്ഷനുകളുടെ പുന:ക്രമീകരണം</u>

2932 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ പൊതുമരാമത്ത് സെക്ഷനുകളുടെ പുന:ക്രമീകരണം പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 20.06.2013–ലെ മറുപടിക്ക്

<u>സൈൻബോർഡിൽ കൃഷ്ണപുരം കൊട്ടാരത്തിന്റെ ദൂരം രേഖപ്പെടുത്തുന്നതിന് നടപടി</u>

T2933 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആലപ്പുഴ, കൊല്ലം ദേശീയ പാതയിൽ കിലോമീറ്ററുകൾ രേഖപ്പെടുത്തുന്ന സൈൻ ബോർഡുകളിൽ കൃഷ്ണപുരം കൊട്ടാരത്തിന്റെ ദൂരം കൂടി രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂൺ 11.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.
[ ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.